പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 364 | 29. 06. 2015 ൽ മറുപടിക്ക്

സൗജന്യ നിരക്കിൽ വൈദ്യുതി

ചോദ്യം | ഉത്തരം

ശ്രീ.കെ.രാജു

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായും സൗജന്യനിരക്കിലും ലഭിച്ചുകൊണ്ടിരിക്കുന്നത് ഏതെല്ലാം വിഭാഗത്തിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് ആണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രതിമാസ ശരാശരി വൈദ്യുതി ഉപഭോഗം 20 യൂണിറ്റും, കണക്റ്റഡ് ലോഡ് 500 വാട്ട്സ് വരെയുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായാണ് വൈദ്യുതി നൽകുന്നത്.<br><br>കൂടാതെ, പ്രതിമാസം 40 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗാർഹിക വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 1.15 രൂപ നിരക്കിലാണ് (യൂണിറ്റിന് 35 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി കൂടി കണക്കിലെടുത്ത്) വൈദ്യുതി നൽകി വരുന്നത്.<br><br>ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള പ്രതിമാസം 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 40 യൂണിറ്റ് വരെ (പ്രതിമാസം), ഓരോ യൂണിറ്റിനും, 35 പൈസ നിരക്കിലും, 41 മുതൽ 120 യൂണിറ്റ് വരെയുള്ള ഉപഭോഗത്തിന് (പ്രതിമാസം) യൂണിറ്റൊന്നിന് 50 പൈസ നിരക്കിലും സബ്സിഡി നൽകി വരുന്നുണ്ട്. ഇതു കൂടാതെ, പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് പ്രതിമാസം 10 രൂപാ നിരക്കിലുള്ള ഫിക്സഡ് ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്.<br><br>കാർഷികാവശ്യത്തിനുള്ള വൈദ്യുതിയ്ക്ക് യൂണിറ്റൊന്നിന് |

| | |
|---|---|
| | 85 പൈസ നിരക്കിൽ സബ്സിഡി നൽകി 1.15 രൂപാ നിരക്കിലാണ് വൈദ്യുതി വിതരണം നടത്തുന്നത്. |
| (ബി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) സൗജന്യമായും സൗജന്യ നിരക്കിലും വൈദ്യുതി ലഭിക്കുന്നതിന് അർഹരായവരെ താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് തിരഞ്ഞെടുക്കുന്നത്.<br>i. സൗജന്യ വൈദ്യുതി (ഗാർഹിക ഉപഭോക്താക്കൾക്കു മാത്രം)<br>(a) പ്രതിമാസ ശരാശരി ഉപഭോഗം 20 യൂണിറ്റ് വരെ)<br>(b) കണക്ടഡ് ലോഡ് 500 വാട്ട്സ് വരെ.<br>ii. സൗജന്യ നിരക്കിലുള്ള വൈദ്യുതി (1.15 രൂപ നിരക്കിൽ)<br>(a) പ്രതിമാസ ശരാശരി ഉപയോഗം 40 യൂണിറ്റ് വരെയും,<br>(b) കൂടാതെ, കണക്ടഡ് ലോഡ് 1000 വാട്ട്സ് വരെയും,<br>(c) കൂടാതെ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് മാത്രം<br>iii. സബ്സിഡി നിരക്കിലുള്ള വൈദ്യുതി ദ്വൈമാസ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഉപഭോഗ പരിധിക്കകത്തുള്ള ഉപഭോക്താക്കൾക്ക് |
| (സി) പ്രസ്തുത ഉപഭോക്താക്കളിൽ അനർഹർ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എങ്കിൽ ആയത് കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ? | സി) സൗജന്യ വൈദ്യുതിയും സൗജന്യ നിരക്കിലുള്ള വൈദ്യുതിയും അനർഹമായി ഉപയോഗിച്ച് വരുന്ന ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കർശന നിർ ദ്ദേശങ്ങൾ വൈദ്യുതി ബോർഡ് ഫീൽഡ് ഓഫീസുകൾക്കും വിജിലൻസ് വിഭാഗത്തിനും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സെക്ഷൻ/ഡിവിഷൻ/സർക്കിൾ തല സ്ക്വാഡുകൾ രൂപീകരിച്ച് വിവിധ സെക്ഷനുകളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ, വിജിലൻസ് |

| | |
|---|---|
| | വിഭാഗത്തിനു കീഴിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി അനർഹരെ കണ്ടെത്തുന്നുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന അനർഹരായിട്ടുള്ള ഉപഭോക്താക്കളെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും, നിയമാനുസൃതമായ പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ